"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - കൊല്ലം പഴങ്ങാലം ആർ.എസ്.എം.എച്ച്.എസ് മാനേജർ 05.08.2024 തീയതിയിൽ സമർപ്പിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2884/2026/GEDN തീയതി,തിരുവനന്തപുരം, 25-04-2026

---

പരാമർശം:-

1. കൊല്ലം പഴങ്ങാലം ആർ.എസ്.എം.എച്ച്.എസ്. മാനേജർ 05.08.2024 തീയതിയിൽ സർക്കാരിൽ സമർപ്പിച്ച പുന:പരിശോധന ഹർജി.
2. കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 15.03.2025 തീയതിയിലെ ബി2/2132/2024 നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16-04-2025 തീയതിയിലെ DGE/22560/2024-RA5 DGE നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം പഴങ്ങാലം ആർ.എസ്.എം.എച്ച്.എസ് മാനേജർ 05.08.2024 തീയതിയിൽ സമർപ്പിച്ച റിവിഷൻ ഹർജിയിന്മേൽ 21.04.2025 തീയതിയിൽ ബന്ധപ്പെട്ടവരുടെ വാദം ഗൂഗിൾ മീറ്റ് മുഖാന്തരം കേൾക്കുകയുണ്ടായി. 2023-24 വർഷം അപ്പീൽ യു.ഐ.ഡി. ഉള്ള കുട്ടികളെ ഉൾപ്പെടുത്തി തസ്തിക പുനർനിർണയിച്ച് ഒൻപതാം ക്ലാസിലെ ഡിവിഷനും തസ്തികയും പുനഃസ്ഥാപിച്ചു നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം.

2. 2023-24 വർഷം PTR പ്രകാരം 51 കുട്ടികൾക്ക് 2 ഡിവിഷനുകൾക്ക് അർഹത ഉണ്ടായിരുന്നിട്ടും Std IX-ൽ ഒരു ഡിവിഷൻ മാത്രമാണ് അനുവദിച്ചതെന്നും, സംരക്ഷണാനുകൂല്യമില്ലാത്ത അധ്യാപിക തസ്തികനഷ്ടത്തെ തുടർന്ന് സർവീസിൽ നിന്നും പുറത്തായെന്നും, Std IX-ലെ ഗായത്രി എസ് എന്ന വിദ്യാർത്ഥിനിയുടെ UID രജിസ്ട്രേഷനായി ആധാർ കാർഡ് പരിശോധിച്ചപ്പോൾ ജനന തീയതിയിൽ വ്യത്യാസം ഉള്ളതിനാൽ ടിയാളെ രജിസ്റ്റർ ചെയ്യുവാൻ സാധിക്കാതെ വന്നുവെന്നും, നിരവധിതവണ ഓപ്ഷൻ കൊടുത്തതിനാൽ ആധാർ ലിങ്ക് ബ്ലോക്ക് ആകുകയും പുതിയ ആധാറിന് അപേക്ഷ നൽകേണ്ടി വരികയും തുടർന്ന് ലഭിച്ച ആധാറിന്റെ അടിസ്ഥാനത്തിൽ യുഐഡി രജിസ്റ്റർ ചെയ്യുകയും ചെയ്തുവെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 04.12.2023-ലെ ഉത്തരവ് പ്രകാരം ടി കുട്ടിയുടെ വിവരം സമ്പൂർണ്ണയിൽ അപ്ഡേറ്റ് ചെയ്യുകയും യുഐഡി വാലിഡ് ആക്കുകയും ടി കുട്ടി 2024-25 വർഷം പത്താം ക്ലാസിൽ തുടർന്നിരുന്നുവെന്നും ടി കുട്ടിയെ കൂടി കണക്കിലെടുത്ത് 2023-24 വർഷത്തെ Std IX-ലെ ഡിവിഷനും തസ്തികയും അനുവദിച്ച് 01.06.2018 മുതൽ എച്ച്.എസ്.ടി. (മാത്സ്) ആയി തുടർന്നിരുന്ന ശ്രീമതി വിനീത വി.എസ് - നെ നിലനിർത്തി

ഉത്തരവാകണമെന്നും, ടി സ്കൂൾ പുതിയ സ്കൂളിന്റെ ഗണത്തിൽപെടുന്നതിനാൽ സംരക്ഷിത അധ്യാപികയെ നിയമിച്ചിട്ടുണ്ടെന്നും മാനേജറും ശ്രീമതി വിനീതയും അറിയിക്കുന്നു.

3. ശ്രീമതി. വിനീതയുടെ മകന് Myoclinic Epilepsy (with movement disorder) ആണെന്നും, ടിയാളുടെ ഭർത്താവിന് ആക്സിഡന്റ് ഉണ്ടായതുമൂലം ഒരു കൈ തളർന്നതാണെന്നും ജീവിക്കാൻ മറ്റു വരുമാന മാർഗങ്ങളില്ലെന്നും ടിയാൾ അറിയിച്ചിട്ടുണ്ട്.

4. ടി സ്കൂളിൽ 2023-24 വർഷം Std IX-ൽ ആറാം സാധ്യായ ദിവസം 51 കുട്ടികൾ ഉണ്ടായിരുന്നുവെങ്കിലും ഗായത്രി എസ്. എന്ന കുട്ടിയുടെ യുഐഡി യഥാസമയം സമന്വയയിൽ അപ്‌ലോഡ് ചെയ്തിട്ടില്ലാത്തതിനാൽ ടി കുട്ടിയെ ഒഴിവാക്കി ഒമ്പതാം ക്ലാസിൽ 50 കുട്ടികൾക്ക് ഒരു ഡിവിഷനും അനുബന്ധ തസ്തികകളും അനുവദിച്ചുവെന്നും, ഗായത്രി എസ്. എന്ന കുട്ടിയുടെ UID വാലിഡേറ്റ് ചെയ്തത് സർക്കാർ അനുവദിച്ച സമയപരിധി 07.08.2023-ന് അവസാനിച്ചതിനുശേഷം ആണെന്നും, ടി തീയതി വരെയോ അതിനുശേഷം UID അപ്ഡേറ്റ് ചെയ്ത കുട്ടികളെ ഉൾപ്പെടുത്തി തസ്തിക നിർണയം നടത്തി ഡിവിഷനുകളും തസ്തികകളും അനുവദിക്കുന്നതിന് സർക്കാർ നിർദ്ദേശങ്ങളോ ഉത്തരവുകളോ പുറപ്പെടുവിച്ചിട്ടില്ലെന്നും, 2023-24 വർഷത്തെ തസ്തിക നിർണയത്തിൽ ശ്രീമതി വിനീതയ്ക്ക് നിലനിൽക്കുവാൻ തസ്തിക ലഭ്യമല്ലെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

5. G.O.(P)No. 5/2022/GEDN dated 18.04.2022 കെ.ഇ.ആർ. അധ്യായം 23 ചട്ടം 12(1)-ലെ ഭേദഗതി പ്രകാരം 2023-24 മുതലുള്ള തസ്തികനിർണ്ണയം ആറാം സാധ്യായദിനത്തിലെ വാലിഡ് യുഐഡി ഉള്ള കുട്ടികളെമാത്രം ഉൾപ്പെടുത്തി പൂർത്തിയാക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. കൂടാതെ, 21.03.2024-ലെ ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ യോഗത്തിന്റെ നടപടിക്കുറിപ്പ് പ്രകാരം 07.08.2023-നുശേഷം വാലിഡ് യു.ഐ.ഡി. ലഭ്യമാകുന്ന കുട്ടികളെ കൂടി പരിഗണിച്ച് തസ്തിക അനുവദിക്കുന്നത് നിലവിലെ ചട്ടങ്ങൾക്കും കോടതി വിധികൾക്കും വിരുദ്ധമായതിനാൽ അവ പരിഗണിക്കേണ്ടതില്ലെന്നും തീരുമാനിച്ചിരുന്നു.

6. ഗായത്രി എന്ന കുട്ടിയുടെ ആധാർ കാർഡിൽ ജനന വർഷം 23.12.2008-നു പകരം 2009 എന്ന് രേഖപ്പെടുത്തിയിരുന്നതിനാൽ ഇത് പരിഹരിക്കുന്നതിനായി ശ്രമിച്ചപ്പോൾ ടി കുട്ടിയുടെ പേരിൽ 2014-ൽ മറ്റൊരു ആധാർ കാർഡ് നിലനിൽക്കുന്നതായി കണ്ടെത്തിയെന്നും, ടി ആധാർ കാർഡ് ജനറേറ്റ് ചെയ്തു ലഭിച്ചപ്പോൾ സ്കൂൾ അഡ്മിഷൻ സമയത്ത് ലഭിച്ച ആധാർ കാർഡ് റദ്ദായിപ്പോയെന്നും, പുതുതായി ലഭിച്ച കാർഡിലും ജനനത്തീയതി 23.12.2008 എന്നതിന് പകരം 29.12.2008 എന്നാണ് രേഖപ്പെടുത്തിയിരുന്നതെന്നും ടി പിശക് തിരുത്തുന്നതിനുള്ള കാലതാമസം മൂലമാണ് സമ്പൂർണ്ണയിൽ INVALID UID എന്ന് കാണിക്കുന്നതെന്നും, ഈ പിശക് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 02.05.2022, 28.05.2022, 27.03.2023 തീയതികളിൽ രേഖാമൂലം നിർദ്ദേശം നൽകിയിരുന്നുവെങ്കിലും 2 ആധാർ കാർഡ് നിലനിൽക്കുന്നതിനാലും ആധാറിലെ വിവരങ്ങൾ തെറ്റായിരുന്നതിനാലും INVALID UID എന്ന സ്ഥിതി മാറ്റാൻ സാധിക്കാതെ വന്നുവെന്നും, സാങ്കേതികമായ പിഴവ് മൂലമാണ് ടി കുട്ടിയുടെ UID നിശ്ചിതസമയത്തിനുള്ളിൽ validate ചെയ്യുവാൻ സാധിക്കാതിരുന്നത് എന്നത് പരിഗണിച്ച് ടി കുട്ടിയെ കൂടി ഉൾപ്പെടുത്തി 2023-24 വർഷത്തെ തസ്തിക പുനർനിർണയിച്ച് ഒൻപതാം ക്ലാസിലെ ഡിവിഷനുകളും തസ്തികകളും പുന:സ്ഥാപിച്ച് ശ്രീമതി വിനീത വി.എസ്.ന് നഷ്ടപ്പെട്ട ജോലി തിരികെ നൽകി സഹായിക്കണമെന്നും പ്രഥമാധ്യാപകൻ അഭ്യർത്ഥിക്കുന്നു.

7. സർക്കാർ ഈ വിഷയം ഹിയറിങ് സമയത്തെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിമാനേജച്ചു. ഗായത്രി എസ് എന്ന കുട്ടിയുടെ പേരിൽ രണ്ട് ആധാർ കാർഡ് നിലനിന്നിരുന്നതിനാലും അവയിൽ ജനനത് തീയതിയിൽ വ്യത്യാസമുണ്ടായിരുന്നതിനാലും ഉണ്ടായിട്ടുള്ള സാങ്കേതിക കാരണങ്ങളാലാണ് ടി കുട്ടിയുടെ ആധാർ വിവരങ്ങൾ യഥാസമയം സമ്പൂർണ്ണയിൽ അപ്ലോഡ് ചെയ്യുവാൻ സാധിക്കാതെ വന്നതും, തന്മൂലം ടി കുട്ടിയെ ഒഴിവാക്കി 2023-24-ലെ തസ്തിക നിർണയം നടത്തിയതിലൂടെ 01.06.2018 മുതൽ എച്ച്.എസ്.ടി.(മാത്സ്) ആയി ജോലി ചെയ്തുവന്ന ശ്രീമതി വിനീത തസ്തിക നഷ്ടപ്പെട്ട് പുറത്തായതും എന്ന് കാണുന്നു. മന:പൂർവ്വമായ വീഴ്ച സ്കൂൾ അധികൃതർ ഇക്കാര്യത്തിൽ വരുത്തിയിട്ടുള്ളതായി കണക്കാക്കാനാവില്ല. എന്നാൽ 07/08/2023 തീയതിയ്ക്ക് ശേഷം UID വാലിഡ് ആക്കിയ കുട്ടികളെ തസ്തിക നിർണയത്തിന് പരിഗണിക്കേണ്ടതില്ലെന്ന സർക്കാർ തീരുമാനം അറിയിച്ചുകൊണ്ടുള്ള 30-04-2024 തീയതിയിലെ GE-JR1/12/2024-G.EDN നമ്പർ കത്ത് നൽകിയിരുന്നു .

8. മേൽ സാഹചര്യത്തിൽ G.O.(P)No. 5/2022/GEDN dated 18.04.2022 കെ.ഇ.ആർ. അധ്യായം 23 ചട്ടം 12(1)-ലെ ഭേദഗതി പ്രകാരം 2023-24 മുതലുള്ള തസ്തികനിർണ്ണയം ആറാം സാധ്യായദിനത്തിലെ വാലിഡ് യുഐഡി ഉള്ള കുട്ടികളെമാത്രം ഉൾപ്പെടുത്തി പൂർത്തിയാക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. കൂടാതെ 30-04-2024 തീയതിയിലെ GE-JR1/12/2024-G.EDN നമ്പർ കത്ത് പ്രകാരം 7/8/2023 ന ശേഷം യു.ഐ.ഡി വാലീഡ് ആക്കിയ കുട്ടികളെ കൂടി പരിഗണിച്ച് തസ്തിക നിർണ്ണയം വീണ്ടും നടത്തേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ, ഗായത്രി എസ്. എന്ന കുട്ടിയെ ഉൾപ്പെടുത്തി 2023-24 വർഷത്തെ തസ്തിക പുനർനിർണയിച്ച് നഷ്ടപ്പെട്ട ഡിവിഷനുകമാനേജളും അനുബന്ധ തസ്തികകളും പുന:സ്ഥാപിക്കുന്നതിനും ശ്രീമതി വിനീത വി.എസ് നെ പുന:പ്രവേശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാനാകില്ല എന്ന് മാനേജറെ അറിയിച്ചുകൊണ്ട് അപ്രകാരം കൊല്ലം പഴങ്ങാലം ആർ.എസ്.എം.എച്ച്.എസ് മാനേജർ സമർപ്പിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, ആർ.എസ്.എം.എച്ച്.എസ്., പഴങ്ങാലം,കൊല്ലം
ശ്രീമതി വിനീത വി.എസ്,എച്ച്.എസ്.ടി. (മാത്സ്),ആർ.എസ്.എം.എച്ച്.എമാനേജസ്., പഴങ്ങാലം,കൊല്ലം
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (GE-JA3/493/2025-G.EDN തീയതി: 20.01.2026 )
വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Meera S S
Date: 27-04-2026 15:11:12
സെക്ഷൻ ഓഫീസർ